മിസ്റ്റർ വി. കെ. കുട്ടി: ഡിപ്രസ്ഡ് ക്ലാസ് കോളനികളിലുള്ള വീട് ഓല കെട്ടിക്കൊടുക്കുന്നതിനു് കൊല്ലംതോറും ആറായിരം ഉറുപ്പിക ചിലവു കൊള്ളിച്ചിട്ടുണ്ടായിരുന്നു. അതു് നിത്തിയിട്ട ആ ആറായിരം ഉറുപ്പികകൊണ്ടു് അവക്കു പുതുതായി വീടുകൾ പണിതുകൊടുക്കണമെന്നു് അഡൈസറി ബോർഡു് തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ?

ഡോക്ടർ എ. ആർ. മേനോൻ: ഉവ്വു്. ഇത്തവണ വീടു് കെട്ടുവാൻ സാമാനങ്ങൾ വാങ്ങിച്ചുകൊടുത്തു് അവരെക്കൊണ്ടു കെട്ടിക്കുന്നുണ്ടു്. ധാരാളം വീടുകൾ ഓലകെട്ടാതെ കിടപ്പുണ്ടു്. അതു് കെട്ടിയില്ലെങ്കിൽ കേടുവന്നുപോകും. അതുകൊണ്ടാണു് കെട്ടിക്കുന്നതു്. കമ്മിറ്റി പറഞ്ഞതുപോലെ ചെയ്യുവാൻ ഗവമ്മെണ്ടു് നോക്കുന്നുണ്ടു്.

മിസ്റ്റർ എ. വി. മൂത്തടൻ: ഉള്ള വീടുകളിൽതന്നെ താമസിക്കാൻ ആളുകളുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഉവ്വു്.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: വീടു് കെട്ടിക്കൊടുത്താൽ അതിന്റെ കെട്ടി മേച്ചിൽ ആരാണു് നടത്തുന്നതു്?

ഡോക്ടർ എ. ആർ. മേനോൻ: ഗവമ്മെണ്ടു്.

DEPRESSED CLASS COLONIES—ABANDONMENT OF SOME COLONIES

256. മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു ദയവായി മറുപടിപറയുമോ.—

(എ) അധഃകൃത ഡിപ്പാർട്ടുമെണ്ടിൽനിന്നും സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും അധഃകൃതകോളനികളെ പുതിയ സംരക്ഷകൻ വിട്ടുകളഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കോളനികളാണു്;

(സി) വിടുകളയുവാനുള്ള കാരണമെന്തു്?

ഡോക്ടർ എ. ആർ. മേനോൻ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഉത്തരം ആവശ്യമില്ല.

DEPRESSED CLASS COLONIES—DEEPENING OF WELLS IN

257. മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) വേനൽക്കാലത്തു വെള്ളം വറ്റിപ്പോകുന്ന അധഃകൃതകോളനികളിലുള്ള കിണറുകൾ താഴ്ത്തിക്കൊടുക്കുവാൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടു തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കിണറുകളാണു താഴ്ത്തുവാനുദ്ദേശിക്കുന്നതു്;

LIBRARY ARCHIVES Kerala Legislative Assembly